പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1202 12.07.2016 ൽ മറുപടിക്ക്

## ഇരുചക്ര വാഹന അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഇരുചക്ര വാഹനാപകടങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ (2011-2016) ഇരുചക്ര വാഹന അപകടങ്ങളിൽ മരിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ (2011 മുതൽ 30.06.2016 വരെ) ഇരുചക്ര വാഹന അപകടങ്ങളിൽ മരിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | മരണപ്പെട്ടവർ |
|---|---|
| തിരുവനന്തപുരം സിറ്റി | 441 |
| തിരുവനന്തപുരം റൂറൽ | 952 |
| കൊല്ലം സിറ്റി | 610 |
| കൊല്ലം റൂറൽ | 364 |
| പത്തനംതിട്ട | 321 |
| ആലപ്പുഴ | 879 |
| കോട്ടയം | 463 |
| എറണാകുളം സിറ്റി | 401 |
| എറണാകുളം റൂറൽ | 834 |
| ഇടുക്കി | 141 |
| തൃശ്ശൂർ സിറ്റി | 236 |
| തൃശ്ശൂർ റൂറൽ | 660 |
| പാലക്കാട് | 765 |
| മലപ്പുറം | 489 |

<table>
<tr><td></td><td></td><td></td><td><table><tr><td>കോഴിക്കോട് സിറ്റി</td><td>495</td></tr><tr><td>കോഴിക്കോട് റൂറൽ</td><td>466</td></tr><tr><td>വയനാട്</td><td>143</td></tr><tr><td>കണ്ണൂർ</td><td>454</td></tr><tr><td>കാസർഗോഡ്</td><td>159</td></tr></table></td></tr>
<tr><td>(സി)</td><td>ഹെൽമെറ്റ് ഇല്ലാതെയും, അമിതവേഗതയിലും, മദ്യപിച്ചും, ഓവർലോഡ് കയറ്റിയും ഉണ്ടാകുന്ന ഇരുചക്ര വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെയും നിയമലംഘനങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളുള്ള ഇന്റർസെപ്റ്റർ വാഹനങ്ങളുപയോഗിച്ചുള്ള പരിശോധനയും നടത്തിവരുന്നു.</td></tr>
<tr><td>(ഡി)</td><td>ഹെൽമെറ്റ് ഇല്ലാതെ ഇന്ധനം നിറയ്ക്കാൻ പെട്രോൾ പമ്പുകളിൽ എത്തുന്ന ഇരുചക്ര വാഹന യാത്രക്കാർക്ക് ഇന്ധനം നൽകുകയില്ല എന്നത് സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;</td><td rowspan="2">(ഡി) യും (ഇ) യും</td><td rowspan="2">ഇത്തരത്തിലുള്ള പുതിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. നിലവിലുള്ള നിയമത്തിലധിഷ്ഠിതമായി തന്നെ, ഹെൽമറ്റ് ധരിക്കുന്നതിലുള്ള അവബോധം വർദ്ധിപ്പിച്ച് ഇത്തരം അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(ഇ)</td><td>ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കി ഇരുചക്ര വാഹന അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ